**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 67** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികഗോത്ര വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി യു പ്രതിഭ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശീയ ജനതയുടെ അന്തർദേശീയ വാരാചരണത്തിന്റെ ഭാഗമായി രൂപം നൽകിയ മികച്ച വിദ്യാഭ്യാസം മെച്ചപ്പെട്ട ആരോഗ്യം എന്ന മുദ്രാവാചകം സാർത്ഥകമാക്കുന്നതിന് പട്ടികഗോത്ര ജനതക്ക് വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | തദ്ദേശീയജനതയുടെ അന്തർദ്ദേശീയ ദിനമായ ആഗസ്റ്റ് 9 മുതൽ 15 വരെയുള്ള ഒരാഴ്ചക്കാലം വാരാചരണമായി ആചരിക്കുന്നതിന്റെ ഭാഗമായി രൂപം നൽകിയ "മികച്ച വിദ്യാഭ്യാസം മെച്ചപ്പെട്ട ആരോഗ്യം" എന്ന സന്ദേശത്തിന്റെ പൂർത്തീകരണത്തിനായി സംസ്ഥാനതല ഉദ്ഘാടന വേദിയിൽ വച്ച് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസം നൽകുന്ന പദ്ധതി, സിവിൽ സർവ്വീസ് കോച്ചിംഗിനായി 30 പട്ടികവർഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി തുടങ്ങിയവ ഔപചാരികമായി ഉദ്ഘാടനം ചെയ്യുകയുണ്ടായി. വാരാചരണത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും നിരവധിയായ ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ, നിയമബോധവത്കരണ ക്ലാസ്സുകൾ, ലഹരിക്കെതിരെയുള്ള ബോധവത്കരണം എന്നിവ മേൽപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി നടപ്പിൽ വരുത്തിയിട്ടുണ്ട്. വിവിധ സർവ്വകലാശാലകളിൽ പട്ടിക വർഗക്കാർക്ക് പ്രവേശനവും പഠനത്തുടർച്ചയും ഉറപ്പു വരുത്തുന്നതിന് സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് സ്റ്റുഡന്റ് ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രീ പ്രൈമറി മുതൽ പ്രൊഫഷണൽ കോഴ്സുകൾക്കും കൂടാതെ പി.എച്ച്.ഡി. വരെയുമുള്ള പഠനത്തിനും സിവിൽ സർവ്വീസ് വരെയുള്ള സർക്കാർ ജോലികൾക്കും പട്ടികജാതികളിലും പട്ടികഗോത്രങ്ങളിലും ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ കോച്ചിംഗ് സൗകര്യമേർപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) | ഉണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• കേരള സിവിൽ സർവീസ് അക്കാദമിയിൽ സിവിൽ സർവ്വീസ് പരീക്ഷ പരിശീലനം നേടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് (ബിരുദം യോഗ്യത) വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലയിലെ |

| | | | |
|---|---|---|---|
| | | | മണ്ണന്തലയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻസ് ട്രെയിനിംഗ് സൊസൈറ്റി മുഖേന ട്യൂഷൻ ഫീസ്, പ്രതിമാസ സ്റ്റൈപ്പന്റ്, ഹോസ്റ്റൽ ഫീസ് മുതലായ വിദ്യാഭ്യാസ ധനസഹായം നൽകി വരുന്നു. സംസ്ഥാനത്തെ മറ്റ് സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്നതിലേയ്ക്കായി സ്ഥാപനം ആവിഷ്കരിച്ച നടപ്പിലാക്കിയ ലക്ഷ്യ സ്കോളർഷിപ്പ് മുഖേന തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 30 വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, പ്രതിമാസ സ്റ്റൈപ്പന്റ്, ബുക്ക് കിറ്റ് അലവൻസ്, ഹോസ്റ്റൽ ഫീസ് എന്നിവ അനുവദിച്ചു വരുന്നു.<br>• വിവിധ മത്സര പരീക്ഷകൾക്കായി തയ്യാറെടുക്കുന്ന പട്ടികവിഭാഗം ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനു വകുപ്പിനു കീഴിൽ നാലു പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപ്പന്റോടു കൂടിയ പരിശീലനം നൽകി വരുന്നു. തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.<br>• പട്ടികജാതി വികസന വകുപ്പിനു കീഴിൽ VISION പദ്ധതി പ്രകാരം Plus One പഠനത്തോടൊപ്പം Medical / Engineering Entrance പരിശീലനം നടത്തുന്നതിന് ധനസഹായമായി 20,000/- രൂപയും, പ്ലസ് ടു പഠനത്തിന് ശേഷം Medical / Engineering Entrance പരിശീലനം നടത്തുന്നതിന് 54,000/- രൂപയും ധനസഹായം നൽകി വരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പട്ടികജാതി, പട്ടികഗോത്ര വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് നൽകുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | വിദേശത്ത് PG Course തലം മുതൽ പഠിക്കുന്നതിനായി വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നുണ്ട്.<br>• TIMES - ന്റെ ലോക റാങ്കിന്റെ 500 വരെയുള്ള യൂണിവേഴ്സിറ്റികളിൽ പി.ജി പഠനം നടത്തുന്നവർക്കാണ് ആനുകൂല്യം നൽകുന്നത്.<br>• അപേക്ഷിക്കുന്ന സമയത്ത് അപേക്ഷകന് 35 വയസ്സ് കഴിയുവാൻ പാടില്ല. |

| | | | |
|---|---|---|---|
| | | | • അപേക്ഷകൻ യോഗ്യത പരീക്ഷയിൽ 55% ൽ കുറയാത്ത മാർക്ക് നേടിയിരിക്കണം.<br>• ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്, വിമാന യാത്രാ ചാർജ്ജ്, വിസ ചാർജ്ജ്, ഇൻഷ്വറൻസ് എന്നിവയ്ക്കായി പരമാവധി 25 ലക്ഷം രൂപ അനുവദിക്കുന്നു.<br><br>അപേക്ഷകളുടെ എണ്ണം, സർവ്വകലാശാലകളുടെ മികവ് എന്നിവ പരിഗണിച്ച് അർഹരായവർക്ക് സ്കോളർഷിപ്പ് നൽകുന്നതാണ്. പദ്ധതി വിപുലീകരിക്കേണ്ട ആവശ്യകത നിലവിലില്ല. |

സെക്ഷൻ ഓഫീസർ